9-ാം വർഷം

2026


ഏപ്രിൽ 5, ഞായർ

ഉയിർപ്പ് തിരുനാൾ

# Laity Reflect on

## Syro-Malabar Sunday Mass

# SCRIPTURE READINGS



# സ്നേഹത്താൽ ഉയിർത്തെഴുന്നേറ്റതെല്ലാം...!

ഏശ. 60.1-7, 1 സാമു. 2. 1-10, റോമ. 5. 20-6.23, മത്താ. 29. 1-6

മരിച്ച വസന്തത്തിന്റെ ശ്മശാനത്തിലേക്ക് പൂക്കൂടയുമായി പോയവർ ആരുണ്ട്? കുറുനരികൾ ഓരിയിടുകയും കഴുകന്മാൻ വട്ടമിട്ടു പറക്കുകയും ചെയ്യുന്ന ചുടലക്കാട്ടിലൊരുവൾ, അംഗഭംഗം വന്ന് ചുടലഭസ്മം ചൂടി, മൃത്യുവിനെ കാത്ത് കിടക്കുമ്പോൾ കരുണയായി ഉദയം ചെയ്യുന്നതാണ് ശുദ്ധപ്രേമം - സ്വപ്നതുല്യമായ വാസവദത്തം! ഉയിരൊടുക്കത്തിന്റെ വിനാഴിക വരെ കൺകുഴഞ്ഞ് തേടിയിട്ടും വരാതെ, വരാതെ മേഘങ്ങൾക്കു പിന്നിൽ മറഞ്ഞു നിന്ന ഉപഗുപ്തൻ അവസാനം ചുടലക്കാട്ടിൽ ഉദിക്കുമ്പോൾ വാസവദത്ത അറിയുന്നു, ശ്മശാനത്തോളം എത്തുന്നതാണ് ശുദ്ധ സ്നേഹമെന്ന്! ഉടലാഴങ്ങളുടെ ആസക്തികളെല്ലാം മുങ്ങിമറയുന്ന മൃത്യുസന്ധ്യയിൽ പനിച്ചുതപിച്ച നെറ്റിമേൽ വീഴുന്ന മൃദുനിശ്വാസത്തിന്റെ പേരാണ് സ്നേഹമെന്ന്!

എന്തിനാണ് മറ്റൊരുവൾ, മറ്റൊരു കാലത്തിൽ പുലരിയുണരും മുമ്പേ, ഒരു ശവക്കല്ലറ തേടി എത്തിയത്? സ്വന്തം ശിഷ്യക്കൂട്ടം പോലും കൈവിട്ട മഹാപരിത്യക്ത മൃത്യുവിന്റെ മൂന്നാം നാൾ? അത്ര പുലർച്ചേ അവളവിടെ എത്തണമെങ്കിൽ അവൾ അത്ര പുലർച്ചേ ഉണർന്നിട്ടുണ്ടാകണം. അല്ലെങ്കിൽ ഓർത്തോർത്തു കിടന്ന് ഉറങ്ങാതിരുന്നിട്ടുണ്ടാകണം, പ്രണയകാലത്തെന്നോണം. എത്തിച്ചേരാൻ സർവാത്മനാ കൊതിക്കുന്ന ഒരിടമുണ്ടാകുമ്പോഴാണല്ലോ, നമ്മൾ അതികാലത്തെഴുന്നേറ്റ് യാത്ര പോകുന്നത്. മറിയം! സ്നേഹാധിക്യമാണ് അവളെ ആ പുലർകാലത്തിൽ അവിടെ എത്തിച്ചത്. മരിച്ച വസന്തത്തിന്റെ കല്ലറയിലേക്ക് സ്നേഹത്തിന്റെ പൂക്കൂടയുമായി വന്നവൾ!

മരണത്തെ പിന്തുടർന്നു ജീവനിലേക്കുയർത്തുന്ന തീവ്രസ്നേഹമാണ് ഈസ്റ്ററിന്റെ ഹൃദയസന്ദേശം. ഓർത്തു നോക്കൂ. എല്ലാവരും ഓടിപ്പോയില്ലേ? ക്രിസ്തുവിൽ നിന്ന് സൗഖ്യം നേടിയവർ, അവൻ സ്വതന്ത്രരാക്കിയവർ, അവന്റെ വചസ്സുകളിൽ പുളകമണിഞ്ഞ് ഉണ്ണാൻ മറന്നവർ, അവനു വേണ്ടി വസ്ത്രങ്ങൾ വിരിച്ചവർ, അവന് വേണ്ടി പാർപ്പിടങ്ങൾ വിട്ടുകൊടുത്തവർ, ധനസഹായം നൽകിയവർ, അവന്റെ അത്ഭുതങ്ങൾ കണ്ടു നിന്നവർ, അവന്റെ മരണത്തിൽ ഒപ്പമുണ്ടാകും എന്ന് വമ്പു പറഞ്ഞവർ - എല്ലാവരും പോയില്ലേ? അപ്പോഴാണ് ഒരുവൾ! അവൻ മരിച്ചിട്ടും മായുന്നില്ല അവൾ!

അവൻ ഉയിർക്കുമെന്ന് കുരുതിയിട്ടോ ഈ വരവ്? ഒരിക്കലുമല്ല! അവനെ നിങ്ങൾ എടുത്തു കൊണ്ടു പോയോ എന്ന് തോട്ടക്കാരനോട് പോലും അവൾ ചോദിക്കുന്നുണ്ട്. സ്നേഹത്തിന് മരണമില്ല എന്ന ഒരുറപ്പിനപ്പുറം മറ്റൊന്നുമില്ലാതെ, കല്ലറയുടെ ശൂന്യതയെ സ്നേഹിച്ചവളാണ് ഈസ്റ്ററിനെ സൃഷ്ടിച്ചത്! 'മരണത്തിൽ മാത്രമല്ല, മരണത്തിനപ്പുറവും നിനക്കൊപ്പം തന്നെ!' എന്ന് ജീവരക്തം കൊണ്ട് എഴുതിവച്ചവൾ. അവളാണിവിടെ ഈസ്റ്ററിനെ സൃഷ്ടിക്കുന്നത്!

വിശ്വാസത്തേക്കാൾ സ്നേഹം ശക്തമാകുന്നത് ഇവിടെയാണ്. ഈ സ്നേഹാധിക്യത്തിന്റെ മൂർച്ചയേറ്റാവണം പിന്നീട് പൗലോസ് കുറിച്ചത് - വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ നിലനിൽക്കുന്നു. അവയിൽ സ്നേഹം തന്നെ പരമോത്കൃഷ്ടം! വിശ്വാസത്തിനും മേലെ, സ്നേഹമാണ് ഈസ്റ്ററിനെ സൃഷ്ടിച്ചത് - മരണത്തേക്കാൾ ശക്തമായ സ്നേഹം!

സ്നേഹത്തിന്റെ വരവോടെ ഒരു പുതിയ പ്രഭാതം ആ കല്ലറയിൽ വിരിയുകയാണ്. സ്നേഹം നിഷേധിച്ചവർ കല്ലറയിൽ തളച്ചിടാൻ ശ്രമിച്ച സ്നേഹപാരമ്യമാകട്ടെ, വെളിച്ചം പോലെ പരന്നൊഴുകുന്നു. ഉയിർപ്പിനു മുൻപ് കല്ല് എടുത്തു മാറ്റുന്നുണ്ട്. സ്നേഹത്തിന് ഉദിക്കണമെങ്കിൽ ആദ്യം ശിലാഹൃദയം എടുത്തുമാറ്റണം എന്ന എസെക്കിയേലിന്റെ മൊഴി പോലെ. മിന്നിൽപ്പിണർ പോലെയാണ്, വെളിച്ചത്തിന്റെ ഒരു മൂർച്ചവാൾ പോലെയാണ്, സ്വർഗത്തിന്റെ ദൂതൻ ഇറങ്ങി വരുന്നത്. ഉള്ളിന്റെയുള്ളിലെ കല്ലറകളിൽ കൃപയുടെ ശസ്ത്രക്രിയ! കല്ലിന്റെ ഹൃദയം മാറ്റിവയ്ക്കൽ. മരണത്തിന്റെ ചങ്ങലയഴിഞ്ഞു വീണ മഹാസ്നേഹത്തിന്റെ സന്നിധാനത്തിലേക്ക് ആദ്യമെത്തുന്നത് 'അധികം സനേഹിച്ച് ജീവിതത്തിന്റെ സുഗന്ധതൈലം മുഴുവൻ ഒരിക്കലവന്റെ പാദങ്ങളിൽ ചൊരിഞ്ഞവൾ' അല്ലാതെ മറ്റാരാണ്? സ്നേഹമാണ് ഈസ്റ്ററിനെ സൃഷ്ടിക്കുന്നത്! സ്നേഹം പൂർണമാകുന്നിടങ്ങളിൽ ഈസ്റ്റർ പൂക്കൾ വിടരുന്നു! ജീവൻ അതിരില്ലാതെ ഒഴുകുന്നു!

ക്രൂശിക്കപ്പെട്ട യേശുവിനെയാണോ നിങ്ങൾ അന്വേഷിക്കുന്നത്? - ദൂതന്റെ ഈ ചോദ്യം സകല മനുഷ്യരോടുമുള്ള ചോദ്യമാണ്. ഈ ചോദ്യത്തിനുള്ള ഉത്തരം മനുഷ്യവംശത്തെ രണ്ടായി പകുത്തേക്കാം. ക്രൂശിക്കപ്പെട്ട യേശുവിനെ അന്വേഷിക്കുന്നവർ സ്നേഹത്തിന്റെ ഒപ്പമാണ് - അവരാണ്



അഭിലാഷ് ഫ്രേസർ

അപമാനത്തിലും മരണത്തിലും കൂടെ നടക്കുന്നവർ. അവരാണ് ക്രിസ്തുവിന്റെ ദൗത്യത്തിന് ഒപ്പം സഞ്ചരിക്കുന്നവർ. അവർ മാത്രമായിരിക്കും ഉയിർപ്പിന് അവകാശികൾ! ക്രൂശിതനായ യേശുവിനെ അന്വേഷിക്കാത്തവർ പുൽത്തൊട്ടി ഉപേക്ഷിച്ച് കൊട്ടാരങ്ങളിൽ മിശിഹാപ്പിറവി തേടുന്നവരെ പോലെയാണ്. ക്രിസ്തു വാഗ്ദാനം ചെയ്യുന്ന ഇടുങ്ങിയ വഴി ഉപേക്ഷിച്ച് കിരീടങ്ങൾ മാത്രം തേടുന്നവർ. ഉയിർപ്പും നിത്യജീവനും കുരിശുവൃക്ഷത്തിൽ പൂക്കുന്ന ഫലസമൃദ്ധിയാണ് - കുരിശിന്റെ സ്നേഹം തേടാത്തവർക്ക് ആ ഫലങ്ങളുമില്ല.

ക്രൂശിക്കപ്പെട്ട യേശുവിനെ തേടുന്നവർക്ക് ദൂതൻ സ്നേഹത്തിന്റെ പുതിയൊരു നിർവചനവും ഉറപ്പും നൽകുകയാണ്. അവർ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കാണും! അവരേ കാണുകയുള്ളൂ!

ശൂന്യമാകലിന്റെ ആഴമാണ് ഒഴിഞ്ഞ കല്ലറ. ആ ശൂന്യത തേടിയെത്തണമെങ്കിൽ ഉള്ളിൽ ഒരു കടലാഴം വേണം. ആത്മാവിന്റെ ഇരുണ്ട രാത്രികളിൽ എല്ലാ കാഴ്ചകളും മറഞ്ഞിട്ടും, പരിസരമാകെ മൃത്യുഗന്ധം പരന്നിട്ടും സ്നേഹത്തിന്റെ തിരിവെട്ടവുമായി പിന്നെയും നീങ്ങുന്നവർ. 'നീയില്ലായ്മ' എന്ന ശൂന്യതയെ സ്നേഹത്തിന്റെ നെയ്ത്തിരി വെട്ടം കൊണ്ടു നിറയ്ക്കുന്നവർ. നീയില്ലായ്മ എന്ന ശൂന്യത നിറയണമെങ്കിൽ അവിടെ 'ഞാനില്ലായ്മ' എന്ന ശൂന്യത ആദ്യം സംഭവിക്കണം - ഒരു മിസ്റ്റിക് യാത്രയിലെന്നതു പോലെ. ഒന്നുമില്ലായ്മയുടെ ആ കല്ലറയിൽ ആ മൂന്നാം നാളിലും അവൾ എന്തെങ്കിലും കണ്ടിട്ടുണ്ടാകണം - ദുർഗന്ധവും അഴുകലും മാത്രം കണ്ടു ശീലിച്ച മറ്റുള്ളവരാരും കാണാത്ത ഒന്ന്. അഴുകലിന്റെ അറപ്പുളവാക്കുന്ന അടയാളങ്ങളോടെ വന്ന കുഷ്ഠരോഗിയെ ആശ്ലേഷിക്കാൻ അസ്സീസിയിലെ ഫ്രാൻസിസിനെ ഉത്തേജിപ്പിച്ച ഒരുൾപ്രേരണ. അതു തന്നെ! 'സ്നേഹം അതിജീവിക്കുന്നു' എന്ന വാക്കിന്റെ ആഴം മനസ്സിലാക്കാൻ ചില ജീവിതസന്ധികളിലൂടെ കടന്നു പോയിട്ടുള്ളവർക്ക് അത്ര പ്രയാസമുണ്ടാകില്ല.

ഇരുപത്തൊന്ന് അധ്യായങ്ങളിൽ സുവിശേഷം എഴുതിയ യോഹന്നാൻ ജ്ഞാനത്തിലും പ്രായത്തിലും വളർന്നു പാകമായപ്പോൾ, അയാളുടെ സുവിശേഷം ചുരുങ്ങിച്ചുരുങ്ങി ഒരൊറ്റ വാക്കായി - സനേഹം! 'ദൈവം സ്നേഹമാകുന്നു!' ഉയിർപ്പ് സ്നേഹത്തിന്റെ ദിഗ്വിജയമാണ്. ക്രിസ്തുവിന്റെ അന്ത്യമൊഴി ഒരു പൊതുമാപ്പു കൊടുക്കലായിരുന്നല്ലോ. അപ്പോൾ ഉയിർപ്പ് ഒരു പോരാട്ടവിജയമല്ല. തന്നെ കുരിശിൽ തറച്ചവരോടുള്ള വെല്ലുവിളിയുമല്ല. ശക്തിപ്രകടനവുമല്ല - വീണ്ടും വാളെടുത്തു തുടങ്ങിയ നമുക്ക് അങ്ങനെയൊക്കെ തോന്നുമെങ്കിലും.

ഈസ്റ്റർ സ്നേഹത്തിന്റെ ദിഗ്വിജയമാണ്. ഇനി എല്ലാ ദിക്കിലേക്കും സ്നേഹം വെളിച്ചം പോലെ ഒഴുകണം. എല്ലാ ദിക്കിലേക്കും ഒഴുകുന്ന വെളിച്ചത്തിന് അതിരുകളുമില്ല, അയിത്തങ്ങളുമില്ല. ഇതൊരു പുലർവേളയാണ് - ആഴ്ചയുടെ ഒന്നാം ദിവസത്തെ ആദ്യത്തെ സൂര്യരശ്മി ഭൂമിയെ ചുംബിക്കുന്ന മുഹൂർത്തം. സ്നേഹം കുതിക്കുന്ന പാദങ്ങളോടെ ഒരുവൾ തേടി വരികയാണ്... അവളാണ് മനുഷ്യവംശത്തിന്റെ പുനർസൃഷ്ടിയുടെ ഒന്നാം സാക്ഷി.

ഉല്പത്തിയുടെ പുസ്തകത്തിന്റെ ആരംഭത്തിൽ, ഒന്നാം ദിവസത്തിലെ സൃഷ്ടിയെ കുറിച്ച് നാം ഇങ്ങനെ വായിക്കുന്നു: 'ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നു. ആഴത്തിന് മേൽ അന്ധകാരം വ്യാപിച്ചിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന് മീതെ ചലിച്ചു കൊണ്ടിരുന്നു. ദൈവം അരുളിച്ചെയ്തു: വെളിച്ചം ഉണ്ടാകട്ടെ!'

രൂപരഹിതവും ശൂന്യവുമായ മൂന്ന് ഇരുണ്ട ദിനങ്ങൾക്കു ശേഷം ആ കല്ലറയിൽ ആഴ്ചയുടെ ഒന്നാം ദിവസം പുതിയ സൃഷ്ടി ആരംഭിക്കുകയാണ്. വെളിച്ചമുണ്ടാകട്ടെ! ആദ്യരശ്മി പോലെ മിന്നൽപ്പിണർ പോലൊരു ദൂതൻ! പിന്നെ വെളിച്ചത്തിന്റെ പ്രവാഹം പോലെ, അതിരില്ലാത്ത സ്നേഹം പോലെ, പുതിയൊരു ജീവൻ! ജീവന്റെ ഉത്സവം! സ്നേഹത്താൽ സകലതും ഉയിർത്തെഴുന്നേൽക്കുകയാണ്, അനശ്വരതയുടെ നവലാവണ്യത്തിലേക്ക്.

**ഉത്ഥാനത്തിരുനാളാശംസകൾ!**

*(ഇംഗ്ലീഷ്, മലയാളം ഗ്രന്ഥകാരനും മാധ്യമപ്രവർത്തകനും ആണ് ലേഖകൻ)*



▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com